ലഭിക്കുന്ന സർവ്വീസുകളും ദേശസാൽകൃതമേഖലകളിലെ സർവ്വീസുകളും മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ പരമാവധി ശ്രമിക്കുന്നുണ്ട്. കളിയാപുരം, മല്ലപ്പള്ളി, എരുമേലി, തൊട്ടിൽപ്പാലം എന്നിവിടങ്ങളിൽ സബ് ഡിപ്പോകളും വെള്ളറട, ചാത്തന്നൂർ, വടകര എന്നീ സ്ഥലങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററുകളും കുറവിലങ്ങാട്, വടക്കാഞ്ചേരി, വെഞ്ഞാറമൂട്, അമ്പലപ്പുഴ എന്നീ സ്ഥലങ്ങളിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും സ്ഥാപിച്ചു. ഈ സർക്കാർ വന്നതിനുശേഷം പി.എസ്.സി. വഴി 2266 പേർക്ക് നിയമനം നൽകി. 2001 വരെയുള്ള റിട്ടയർമെന്റ് കണക്കാക്കി പി.എസ്.സി.യെ അറിയിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുമാണ് ഒഴിവുള്ള തസ്തികയിലേക്ക് ഇപ്പോൾ താത്ക്കാലിക നിയമനം നടത്തുന്നത്. കഴിഞ്ഞ സർക്കാർ മരിച്ചവരുടെ ആശ്രിതർക്ക് നിയമനം നൽകിയിരുന്നില്ല. ഈ സർക്കാർ വന്നതിനുശേഷം അവർക്കു നിയമനം നൽകി. ഇനി 109 പേർക്കുകൂടി മാത്രമേ നിയമനം നൽകുവാൻ അവശേഷിക്കുന്നുള്ളൂ. കംപ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടത്തിയിരുന്നതിനേക്കാൾ ഒരുലക്ഷത്തിലധികം കിലോമീറ്റർ ഇപ്പോൾ ഓടിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഘട്ടംഘട്ടമായി ഇൻഷ്വർ ചെയ്യുവാൻ തീരുമാനിച്ചു. ആദ്യഘട്ടമായി 62-ഓളം ബസ്സുകൾ ഇൻഷ്വർ ചെയ്തു കഴിഞ്ഞു. രണ്ടാംഘട്ടമായി 900 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ കൂടി ഇൻഷ്വർ ചെയ്യുവാൻ തീരുമാനിച്ചു. ഇതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ട്. മെക്കാനിക്കൽ ജോലികൾ കുറ്റമറ്റതാക്കുവാൻ വേണ്ടി വർക്ക്ഷാപ്പുകളിൽ പുതിയ തരത്തിലുള്ള മെഷിനുകൾ വാങ്ങി സ്ഥാപിച്ചു. ഒരു ഗതാഗത നയം രൂപീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 83 ലക്ഷം രൂപയായിരുന്നു ശരാശരി പ്രതിദിന വരുമാനം. ഇപ്പോൾ ശരാശരി പ്രതിദിന വരുമാനം 120 ലക്ഷത്തോളം രൂപയാണ്. ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് 1-3-97 മുതൽക്ക് പ്രാബല്യം നൽകിക്കൊണ്ട് 13-4-99-ൽ ഒരു ശമ്പള പരിഷ്ക്കരണക്കരാർ ഒപ്പുവച്ചു.

(ബി) ജനങ്ങൾക്ക് ഉപകാരപ്രദമായി കൂടുതൽ സർവ്വീസുകൾ നടത്തുവാൻ കഴിയുന്നു. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചു. ദേശവൽകൃത മേഖലയിൽ കൂടുതൽ ഊന്നൽ നൽകാൻ കഴിഞ്ഞു. പി.എസ്.സി. വഴി 2266 പേർക്ക് തൊഴിൽ നൽകി. ഒഴിവുള്ള തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള താല്ക്കാലിക നിയമനം ത്വരിതപ്പെടുത്തി.

(സി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇതുവരെ 1626 ബസ്സ് ചാസിസുകൾക്കു ഓർഡർ നൽകിയിട്ടുണ്ട്. ഒരു മാസം 45 ചാസിസുകൾ വീതമാണ് വാങ്ങുന്നത്.

(ഇ) 1028 ചാസിസുകൾ ലൈലാൻഡ് കമ്പനിയുടേതും 598 ചാസിസുകൾ ടാറ്റാ കമ്പനിയുടേതുമാണ്. ഇതിനായി 80.32 കോടി രൂപ ചെലവായിട്ടുണ്ട്.

49 (3374) ഗതാഗത കാര്യത്തിൽ പൊതുമേഖലയ്ക്ക് മുൻതൂക്കം

ശ്രീമതി രാധാ രാഘവൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതകാര്യത്തിൽ പൊതുമേഖലയ്ക്ക് മുൻതൂക്കം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) ദേശസാൽകൃത റൂട്ടുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ യാത്രാക്ലേശം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചർച്ചചെയ്തു വരുന്നതേയുള്ളൂ.

(സി) ജീവനക്കാരുടെ കുറവുമൂലവും വാഹനങ്ങൾ ലഭിക്കാതെ വരുമ്പോഴും ചില സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നു. യാത്രാക്ലേശം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

50 (3375) ബസ്സുകളിൽ വനിതകൾക്ക് സീറ്റ് സംവരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകളിൽനിന്നും ഒഴിഞ്ഞുകൊടുക്കാത്തതു സംബന്ധിച്ച പ്രശ്നങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാർ ഈവർഷം മർദ്ദനമേറ്റ് ആശുപത്രിയിലായിട്ടുണ്ട്;

(ബി) ദീർഘദൂര ബസ്സുകളിൽ ഇത് നിരന്തരം സംഭവിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) വനിത റിസർവേഷന്റെ വിശദവിവരം യാത്രക്കാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകൾ ഒഴിപ്പിച്ചു നൽകിവരുന്ന അവസരങ്ങളിലും കണ്ടക്ടർമാരും യാത്രക്കാരുമായി സംഘർഷം ഉണ്ടാകുന്നുണ്ട്. ഇതു സംബന്ധമായി ജീവനക്കാർ മർദ്ദനമേറ്റിട്ട് ഇപ്പോൾ ആശുപത്രിയിലാണെന്ന് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

(ബി) സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ അവർക്കുതന്നെ ലഭ്യമാക്കുവാൻ കോർപ്പറേഷൻ പരമാവധി ശ്രമിക്കാറുണ്ട്. ഇതിനു യാത്രക്കാരുടെ സീറ്റ് ഒഴിഞ്ഞു കൊടുക്കാൻ കണ്ടക്ടർമാർ ആവശ്യപ്പെടുമ്പോൾ ചില പുരുഷയാത്രക്കാർ തയ്യാറാകാത്തതാണ് കാരണം.

(സി) ഈ വിവരം വർത്തമാനപ്പത്രങ്ങളിൽക്കൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.